**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 923** **10-08-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ മുതുകാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ വില്ലേജിലെ മുതുകാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി സർവ്വേ നമ്പർ 594/600-ൽപ്പെട്ട 9 ഏക്കർ ഭൂമി കോഴിക്കോട് ജില്ലാ കളക്ടറുടെ എം4-71396/89(11) തീയതി 18.01.2001, എൽ 10-971596/89 തീയതി 15.07.2023 എന്നീ ഉത്തരവുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പിന് കൈമാറി ലഭിച്ചിരുന്നു. എന്നാൽ ആദ്യം അനുവദിച്ച 9 ഏക്കറിൽ നിന്നും 29.10.2019 ലെ സ.ഉ. (എം.എസ്) നമ്പർ 327/2019/റവ. ഉത്തരവ് പ്രകാരം എം.ആർ.എസ്സ്. നിർമ്മാണത്തിനുള്ള ഭൂമി 5 ഏക്കറായി പരിമിതപ്പെടുത്തിയിരുന്നു. |
| (ബി) | സ്ഥലം ഏറ്റെടുത്തതിനു ശേഷം സ്കൂൾ സ്ഥാപിക്കാനുള്ള എന്തെല്ലാം നടപടികളാണ് വകുപ്പ് വഴി സ്വീകരിച്ചിട്ടുള്ളത്; | (ബി) | ചക്കിട്ടപ്പാറ മുതുകാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ KIIFB ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി 21/10/2016 ൽ സർക്കാർ ഉത്തരവായിരുന്നു. ടി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി നിർമ്മാണ ഏജൻസിയായ KSCC തയ്യാറാക്കിയ 16.48 കോടി രൂപയുടെ എസ്റ്റിമേറ്റിനു KIIFB യിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിരുന്നു. എന്നാൽ DSR 2018 നിലവിൽ വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റിനു മാറ്റം വരുന്നതിനാൽ പ്രസ്തുത DSR പ്രകാരമുള്ള എസ്റ്റിമേറ്റ് KSCC തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | സ്കൂൾ സ്ഥാപിക്കാനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) | കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. കിഫ്ബിൽ നിന്നും അംഗീകാര ഉത്തരവ് ലഭ്യമായതിനു ശേഷം നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. കിഫ്ബിൽ നിന്നും അംഗീകാര ഉത്തരവ് ലഭ്യമായതിനു ശേഷം നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ